പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുച്ചാലിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 30-12-2020-ൽ 69.30 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ചെറുപുഴ, വെള്ളൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗകര്യപ്രദമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

വെണ്ണക്കര 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ

214(3646) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിലെ വെണ്ണക്കര 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചോ; എങ്കിൽ പൂർണ്ണ തോതിലുള്ള പ്രവർത്തനമെന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

110 കെ.വി ജി.ഐ.എസ് വെണ്ണക്കര സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷനിൽ നിന്ന് 11 കെ.വി. വൈദ്യുതി വിതരണത്തിനായുള്ള പാനൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്. 2021 സെപ്റ്റംബർ മാസത്തിൽ വിതരണം തുടങ്ങാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വെണ്ണക്കര 110 കെ.വി സബ് സ്റ്റേഷനെ 220 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ 110 കെ.വി വെണ്ണക്കര സബ്സ്റ്റേഷൻ 220 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തിക്ക് 82.31 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(1) 220/110 കെ.വി ജി.ഐ.എസ് സബ്സ്റ്റേഷന്റെ നിർമ്മാണം - 53.61 കോടി രൂപ.

(2) നിർദ്ദിഷ്ട വെണ്ണക്കര സബ്സ്റ്റേഷനിലേയ്ക്ക് എലപ്പുള്ളി- മാടക്കത്തറ ഫീഡറിൽ നിന്നുള്ള 7.5 കി.മീ 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന്റെ നിർമ്മാണം-28.70 കോടി രൂപ.

കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതി ആയതിനാൽ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly